പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6468 08.11.2016-ൽ മറുപടിയ്ക്ക്

## കേരള സ്പോർട്സ് കോളേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരള സ്പോർട്സ് കോളേജ് എവിടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; | (എ) | കോട്ടയം ജില്ലയിലെ നാട്ടകം വില്ലേജിൽ. 02.02.2016-ലെ സ.ഉ.(കൈ)നം.08/16/കാ.യു.വ പ്രകാരം സ്പോർട്സ് കോളേജിന് പകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് – കേരള (I-SPARK) എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്. |
| (ബി) | ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട് ; | (ബി) | 16.04.2015-ലെ സ.ഉ.(കൈ)നം.12/15/കാ.യു.വ പ്രകാരം സ്പോർട്സ് കോളേജ് സ്ഥാപിയ്ക്കുന്നതിന് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി വിഹിതത്തിൽ നിന്നും വഹിയ്ക്കുവാൻ ഉത്തരവിട്ടിട്ടുണ്ട്. |
| (സി) | കേരള സ്പോർട്സ് കോളേജ് ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | 20.03.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.117/2015/റവന്യൂ പ്രകാരം കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ടെക്സിൽ കെമിക്കൽസിന് സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ള 11.25 ഏക്കർ ഭൂമി ചമയങ്ങളടക്കം നിരുപാധികം നഷ്ടപരിഹാരം കൂടാതെ സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്ത് ലാന്റ് ബാങ്കിൽ ചേർക്കാനും ഈ ഭൂമിയിൽ നിന്നും ആവശ്യമായ സ്ഥലം നിർദ്ദിഷ്ട സ്പോർട്സ് കോളേജിന് അനുവദിയ്ക്കുവാനും ഉത്തരവായിട്ടുണ്ട്. |

16.04.2015-ലെ സ.ഉ.(കൈ)നം. 12/15/കാ.യു.വ പ്രകാരം സ്പോർട്സ് കോളേജ് സ്ഥാപിയ്ക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രസ്തുത കോളേജിന്റെ സ്പെഷ്യൽ ഓഫീസർ ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായിരുന്ന ഡോ.ബിനു ജോർജ് വർഗ്ഗീസിന് നൽകുകയുണ്ടായി.

സ്ഥലത്ത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്നും ലഭിച്ച 3 പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്രാരംഭ ഘട്ടമെന്ന നിലയിൽ ഡയറക്ടർ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ ഓരോ തസ്തികകളും, 2 അസിസ്റ്റന്റ് തസ്തികകളും ഉൾപ്പെടെ ആകെ 5 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

Manoj M

**സെക്ഷൻ ഓഫീസർ**